# നെഹ്റു ശതാബ്ദി സ്റ്റഡിസർക്കിളുകൾക്ക് ഒരു കാര്യപരിപാടി

ജവാഹർലാൽ നെഹ്റു ജനിച്ചത് 1889 നവംബർ 14–ാം തിയ്യതി ആയിരുന്നു. 1988 നവംബർ 14 മുതൽ 1989 നവംബർ 14 വരെയുള്ള ഒരു വർഷം ജവാഹർലാൽ നെഹ്റു ജന്മശതാബ്ദി വർഷമാകുന്നു. ഈ വർഷം, ഉചിതമായ രീതിയിൽ, മാതൃഭൂമി സ്റ്റഡി സർക്കിളുകൾ ആഘോഷിക്കേണ്ടതുണ്ട്.

ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം നേടുന്നതിനുള്ള ഇന്ത്യയുടെ ധീരോദാത്തമായ സമരത്തിലെ വീരനായകൻ ആയിരുന്നു ജവാഹർലാൽ നെഹ്റു. ഗാന്ധിജി ആവിഷ്ക്കരിച്ചതും സത്യത്തിൽ അധിഷ്ഠിതവും അഹിംസാത്മകവുമായ ധർമ്മസമരത്തെ ഇന്ത്യൻ യുവാക്കൾക്ക് സ്വീകാര്യമായ രീതിയിൽ അവതരിപ്പിച്ചതും നയിച്ചതും ജവാഹർലാൽ ആയിരുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ ജവാഹർലാൽ നെഹ്റു ലോകമെങ്ങുമുള്ള മർദിത ജനതകളുടെ സ്വാതന്ത്ര്യസമരവുമായി കൂട്ടിയിണക്കി. മനുഷ്യ ചരിത്രമെന്ന പോലെ മനുഷ്യസ്വാതന്ത്ര്യവും അവിഭാജ്യമാണെന്നും ഇന്ത്യൻ ദേശീയത അന്താരാഷ്ട്രീയതയുടെ പല മുഖങ്ങളിലൊന്നു മാത്രമാണെന്നും അദ്ദേഹം നമ്മെ പഠിപ്പിച്ചു.

സ്വതന്ത്രഭാരതത്തിന്റെ ലക്ഷ്യം സമത്വാധിഷ്ഠിതവും മതനിരപേക്ഷവുമായ ജനാധിപത്യമാണെന്ന് ജവാഹർലാൽ നെഹ്റു നമുക്ക് വിശദീകരിച്ചുതന്നു. ആസൂത്രണത്തിലൂടെ പുരോഗതിയും സാമ്പത്തിക സമൃദ്ധിയും നേടുവാനുള്ള മാർഗ്ഗം ഇന്ത്യയിൽ ഉദ്ഘാടനം ചെയ്തത് അദ്ദേഹമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ രൂപവും ഭാവവും വ്യവസ്ഥപ്പെടുത്തുന്നതിൽ മറ്റാരേക്കാളും വലിയ പങ്ക് അദ്ദേഹം വഹിച്ചു.

മഹാനായ ഒരു എഴുത്തുകാരനായിരുന്നു ജവാഹർലാൽനെഹ്റു. വിശാലവീക്ഷണമുള്ള ഒരു ചരിത്രകാരനുമായിരുന്നു അദ്ദേഹം. യുക്തിചിന്തയിൽ അടിയുറച്ച ദാർശനികത അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. ഭാരതീയ സാഹിത്യത്തിലെ അതുല്യങ്ങളായ ഉപലബ്ധികളാണ് അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ—പ്രത്യേകിച്ച് അദ്ദേഹത്തിന്റെ 'ആത്മകഥ'യും 'വിശ്വചരിത്രാവലോകന'വും 'ഇന്ത്യയെ കണ്ടെത്തലും'. പരിനിഷ്ഠിതമായ വിജ്ഞാനത്തിന്റെയും അഗാധമായ മനുഷ്യസഹാനുഭൂതിയുടേയും അദമ്യമായ ശുഭപ്രതീക്ഷാ ശീലത്തിന്റെയും അനശ്വരപരിമളം പ്രസരിപ്പിക്കുന്ന ഈ കൃതികൾ ഓരോ ഭാരതീയ പൗരനും പലകുറി വായിച്ച്, മനനം ചെയ്ത്, ഹൃദിസ്ഥമാക്കേണ്ടവയാണ്.

നെഹ്റു ജന്മശതാബ്ദി വർഷത്തെ നെഹ്റു സാഹിത്യപഠനത്തിന്ന് മാതൃഭൂമി സ്റ്റഡി സർക്കിളുകൾ ഉപയോഗപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഈ വർഷത്തിൽ, സ്റ്റഡിസർക്കിൾ അംഗങ്ങൾ ജവാഹർലാൽ നെഹ്റുവിന്റെ കൃതികൾ സംഭരിച്ചു വായിക്കുകയും അവയെപ്പറ്റി കൂട്ടായി ചർച്ചകൾ നടത്തുകയും വേണം. ഈ കൃതികളെപ്പറ്റി, ഓരോ സ്റ്റഡി സർക്കിളും പ്രസംഗമത്സരങ്ങളും ലേഖനമത്സരങ്ങളും സംഘടിപ്പിക്കണം. ഈ മത്സരങ്ങളിൽ വിജയിക്കുന്ന സംഘാംഗങ്ങളെ ചേർത്ത് അഖില കേരള അടിസ്ഥാനത്തിൽ പ്രസംഗ—ലേഖന—മത്സരങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പിന്നീട് ആലോചിക്കാവുന്നതാണ്. പ്രസംഗ—ലേഖന—മത്സരങ്ങൾക്ക് ചില വിഷയങ്ങൾ താഴെ നിർദേശിക്കുന്നു.

1. ജവാഹർലാൽ നെഹ്റുവും ഇന്ത്യൻ സ്വാതന്ത്ര്യസമരവും
2. നെഹ്റുവും ഗാന്ധിയും
3. നെഹ്റു—നവഭാരത ശില്പി
4. നെഹ്റുവും ലോക വിമോചന പ്രസ്ഥാനവും
5. നെഹ്റു കണ്ടെത്തിയ ഇന്ത്യ
6. നെഹ്റു എന്ന സാഹിത്യകാരൻ
7. നെഹ്റു എന്ന ചിത്രകാരൻ
8. നെഹ്റു എന്ന ദാർശനികൻ

ചില ഉദാഹരണങ്ങൾ മാത്രമാണ് ഇവ. നെഹ്റു എന്ന വിശിഷ്ട വ്യക്തിയെ മനസ്സിലാക്കാനും ആധുനിക ഭാരതത്തിന്ന് അദ്ദേഹം നൽകിയ അമൂല്യ സംഭാവനകൾ വിലയിരുത്താനും ഇനിയുമെത്രയോ വീക്ഷണകോണങ്ങളിലൂടെ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സാഹിത്യത്തെയും സമീപിക്കാവുന്നതാണ്.

നെഹ്റു ശതാബ്ദിവർഷം സമുചിതമായി കൊണ്ടാടുന്നതിന്നുള്ള പരിപാടികൾ ഓരോ സ്റ്റഡി സർക്കിളും രൂപവൽക്കരിക്കുമെന്നും സമയബന്ധിതമായി, ഗൗരവബുദ്ധിയോടെ, ഈ പരിപാടികൾ നടപ്പിൽവരുത്തുമെന്നും ഇതുസംബന്ധിച്ച വിവരങ്ങൾ അതാതു സമയത്ത് വി. പ്രഭാകരൻ സംസ്ഥാന സംഘാടകൻ, മാതൃഭൂമി സ്റ്റഡി സർക്കിൾ, കോഴിക്കോട് എന്ന വിലാസത്തിൽ അറിയിക്കുമെന്നും വിശ്വസിക്കുന്നു.

—എൻ. വി. കൃഷ്ണവാരിയർ